LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സോളാർ കമ്മീഷന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതായുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) സോളാർ കമ്മീഷന്റെ മുമ്പാകെ സ്വതന്ത്രമായി മൊഴി നൽകാൻ കഴിയാതെ ഭയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. കമ്മീഷനു മുമ്പാകെ മൊഴി നൽകേണ്ട പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ വിട്ടുനിന്നിട്ടില്ല. ശ്രീ. തമ്പാനൂർ രവിക്കെതിരെ ക്രിമിനൽ നടപടി പ്രകാരം കേസ് എടുക്കുന്നത് സംബന്ധിച്ച് ലഭിച്ച നിയമോപദേശം, ഫോൺ സംഭാഷണത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭീഷണിയോ അതല്ലെങ്കിൽ ഒരു cognizable കുറ്റകൃത്യം നടത്തുന്നതിനായി പ്രേരിപ്പിക്കുകയോ ചെയ്യുന്നതായി കാണുന്നില്ല എന്നതാണ്. ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ചോ മറ്റേതെങ്കിലും special അല്ലെങ്കിൽ Local Laws അനുസരിച്ചോ ഒരു കുറ്റകൃത്യം നടന്നിട്ടില്ലാത്തതുകൊണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിന് അടിസ്ഥാനമില്ലെന്ന നിയമോപദേശമാണ് ലഭിച്ചിട്ടുള്ളത്.

(സി) കമ്മീഷൻ ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. സോളാർ കമ്മീഷന്റെ ഭാഗമായി അന്വേഷിച്ച ഒരു രേഖയും നഷ്ടപ്പെട്ടിട്ടില്ല.

(ഡി) കമ്മീഷന്റെ പ്രവർത്തനത്തിന് വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആഭ്യന്തര വകുപ്പുമന്ത്രിയുടേതായി മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച കത്തിന്റെ ഉറവിടം സംബന്ധിച്ച അന്വേഷണം

294 (272) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രതിച്ഛായ പൂർണ്ണമായും തകർന്നെന്ന് കാണിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടേതായി മാധ്യമങ്ങൾ പ്രസിദ്ധീകരിച്ച കത്തിന്റെ ഉറവിടം സംബന്ധിച്ച് അന്വേഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം കത്തയച്ചിട്ടില്ലെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ കത്തിന്റെ ഉറവിടം സംബന്ധിച്ച് അന്വേഷണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ കെ.പി.സി.സി. പ്രസിഡന്റിന്റെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇക്കാര്യത്തിൽ പോലീസ് അന്വേഷണം നിലവിലില്ല.

GPM. 2/237/2020-104